Email:
contact.seckerala@gmail.com
electionker@gmail.com

# പത്രക്കുറിപ്പ്

TELEPHONE: 0471-2321233
MOBILE :8281000127

www.sec.kerala.gov.in

കേരള സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ

29th October 2015

## ആർമി റിക്രൂട്ട്മെന്റ് റാലികൾ ഏഴിനും എട്ടിനും

കോഴിക്കോട്, പാലക്കാട് ജില്ലകളിലേയ്ക്ക് യഥാക്രമം നവംബർ രണ്ടിനും അഞ്ചിനും നടത്താനിരുന്ന ആർമി റിക്രൂട്ട്മെന്റ് റാലികൾ തിരഞ്ഞെടുപ്പ് പ്രമാണിച്ച് നവംബർ ഏഴ്, എട്ട് തീയതികളിലേയ്ക്ക് മാറ്റിവെച്ചു. ഇത് സംബന്ധിച്ച അറിയിപ്പ് എല്ലാ ഉദ്യോഗാർത്ഥികൾക്കും നൽകുന്നതിന് തിരഞ്ഞെടുപ്പ് കമ്മീഷൻ അതത് ജില്ലാ ഭരണകൂടങ്ങൾക്ക് നിർദ്ദേശം നൽകി.

*(എസ്.ഇ.സി.147/2015)*

## തദ്ദേശ തിരഞ്ഞെടുപ്പ് : ആൾമാറാട്ടം നടത്തിയാൽ കർശന നടപടി സ്വീകരിക്കണം

തദ്ദേശ സ്വയംഭരണ തിരഞ്ഞെടുപ്പിൽ പോളിംഗ് സ്റ്റേഷനിൽ ആൾമാറാട്ടം നടത്തുന്നതിനുള്ള ശ്രമം ഉണ്ടായാൽ പ്രൈസൈഡിംഗ് ഓഫീസർ 32-ാം ചട്ടപ്രകാരം നടപടികൾ സ്വീകരിക്കുന്ന കാര്യത്തിൽ വീഴ്ച വരുത്താൻ പാടില്ലായെന്ന് സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ നിർദ്ദേശം നൽകി.

ഒരു പ്രത്യേക സമ്മതിദായകനാണെന്ന് അവകാശപ്പെടുന്ന ആളിന്റെ നിജസ്ഥിതിയെപ്പറ്റി ഏതെങ്കിലും പോളിംഗ് ഏജന്റ് നിശ്ചിത ഫീസ് അടച്ച് തർക്കം ഉന്നയിച്ചാൽ പ്രിസൈഡിംഗ് ഓഫീസർ തർക്കം സംബന്ധിച്ച് 32-ാം ചട്ടപ്രകാരമുള്ള അന്വേഷണം നടത്തേണ്ടതും അന്വേഷണത്തിൽ തർക്കം തെളിയിക്കപ്പെട്ടതായി കരുതുന്നപക്ഷം തർക്കത്തിൽ വിധേയമായ ആളിനെ വോട്ട് ചെയ്യുന്നതിൽ നിന്ന് തടയേണ്ടതും ഇന്ത്യൻ ശിക്ഷാ നിയമത്തിലെ (ഐപിസി) 171 എഫ് വകുപ്പ് പ്രകാരം അയാളെ അറസ്റ്റ് ചെയ്യാൻ പോലീസ് ഉദ്യോഗസ്ഥന് നിർദ്ദേശം നൽകേണ്ടതുമാണ്.

*(എസ്.ഇ.സി.148/2015)*

## പോസ്റ്റൽ ബാലറ്റ് പേപ്പറുകൾ അതാത് ദിവസം തന്നെ അയയ്ക്കണം

പോസ്റ്റൽ ബാലറ്റുകൾ അയയ്ക്കുന്നതിന് അവസാനദിവം വരെ കാത്തിരിക്കാതെ ലഭിക്കുന്ന അപേക്ഷകളിന്മേൽ അതാത് ദിവസം തന്നെ ബാലറ്റുകൾ അയയ്ക്കാൻ നടപടി സ്വീകരിക്കണമെന്നന് കമ്മീഷൻ വരണാധികാരികൾക്ക് നിർദ്ദേശം നൽകി. അപേക്ഷകളോടൊപ്പം നിയമന ഉത്തരവിന്റെ പകർപ്പ് ഉണ്ടെന്ന് ഉറപ്പാക്കണം. നവംബർ 2ന് തിരഞ്ഞെടുപ്പ് നടക്കുന്ന ജില്ലകളിൽ പോസ്റ്റൽ ബാലറ്റുകൾക്കുള്ള അപേക്ഷകൾ ഒക്ടോബർ 31 ന് വൈകിട്ട് മൂന്ന് മണിവരെയും മറ്റ് ജില്ലകലിൽ നവംബർ 2ന് വൈകിട്ട് മൂന്ന് മണിവരെയും സ്വീകരിച്ച് ഉടൻതന്നെ ബാലറ്റുകൾ അയയ്ക്കണം,

ബാലറ്റുകൾ പര്യാപ്തമല്ലെങ്കിൽ അധികമായി വേണ്ടിവരുന്നവ ബന്ധപ്പെട്ട പ്രസ്സുകളിൽ നിന്നുതന്നെ അടിയന്തിരമായി അച്ചടിച്ച് വാങ്ങുന്നതിനുള്ള നടപടികൾ സ്വീകരിക്കണമെന്നും കമ്മീഷൻ നിർദ്ദേശിച്ചു.

*(എസ്.ഇ.സി.149/2015)*

## തിരഞ്ഞെടുപ്പ് ചെലവ് വിശദാംശങ്ങള്‍ ഉടന്‍ വരണാധികാരിയെ അറിയിക്കണം

തിരഞ്ഞെടുപ്പില്‍ മല്‍സരിക്കുന്ന സ്ഥാനാര്‍ത്ഥികളുടെ ചെലവ് കണക്ക് പരിശോധിക്കുന്നതുമായി ബന്ധപ്പെട്ട മാര്‍ഗ നിര്‍ദ്ദേശങ്ങളില്‍ തിരഞ്ഞെടുപ്പ് കമ്മീഷന്‍ ഭേദഗതി വരുത്തി. ഭേദഗതിയനുസരിച്ച് ഒരു സ്ഥാനാര്‍ത്ഥിക്കുവേണ്ടി സ്ഥാനാര്‍ത്ഥിയുടെ ഗുണകാംക്ഷികളോ രാഷ്ട്രീയ പാര്‍ട്ടികളോ ചെലവാക്കുന്ന തുക സംബന്ധിച്ച്, ഏതുകാര്യത്തിന്, ആര് ചെലവാക്കിയെന്നും മറ്റുമുള്ള വിശദാംശങ്ങള്‍ രേഖാമൂലം ഉടന്‍ തന്നെ വരണാധികാരിയെ അറിയിക്കണം. ചെലവു ചെയ്ത ആളോ രാഷ്ട്രീയ കക്ഷിയോ ചെലവ് തുക എന്തിനു വേണ്ടി, എന്നു ചെലവാക്കിയെന്നതിന്‍റെ വിശദ വിവരങ്ങള്‍ സൂക്ഷിച്ചുവെക്കണമെന്നും ഭേദ ഗതിയില്‍ നിര്‍ദ്ദേശം നല്‍കിയിട്ടുണ്ട്.

*(എസ്.ഇ.സി. 150/2015)*

## വോട്ടെടുപ്പ് സംബന്ധിച്ച് ജില്ല കളക്ടര്‍മാര്‍ക്ക് നിര്‍ദ്ദേശം നല്‍കി

തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലേക്കുള്ള പൊതു തിരഞ്ഞെടുപ്പിന്‍റെ വോട്ടെടുപ്പ് സംബന്ധിച്ച് എല്ലാ ജില്ലാ കളക്ടര്‍മാര്‍ക്കും സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷന്‍ പ്രത്യേക നിര്‍ദ്ദേശം നല്‍കി.

വോട്ടെടുപ്പ് ആരംഭിച്ച് 8 മണിവരെ പോള്‍ ചെയ്ത വോട്ടിന്‍റെ ശതമാനവും തുടര്‍ന്ന് ഓരോ മണിക്കൂര്‍ കൂടുമ്പോഴും വോട്ടെടുപ്പ് അവസാനിക്കുന്നതുവരെയുള്ള പോളിംഗ് ശതമാനവും കമ്മീഷനെ അറിയിക്കണം. അവസാന പോളിംഗ് ശതമാനം 7 മണിക്ക് മുമ്പായി സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷന് ഫാക്സ് / ഇ-മെയില്‍ മുഖേന റിപ്പോര്‍ട്ട് ചെയ്യാന്‍ പ്രത്യേകം ശ്രദ്ധിക്കണം.

ജില്ലാ/ബ്ലോക്ക്/ഗ്രാമപഞ്ചായത്തുകളിലേയ്ക്കുള്ള വോട്ടെടുപ്പില്‍ മൂന്ന് വോട്ടുകള്‍ രേഖപ്പെടുത്തുന്നതിന് വോട്ടര്‍മാര്‍ക്ക് അവകാശമുണ്ട്. അതിലേയ്ക്ക് സെറ്റ് ചെയ്തിട്ടുള്ള ബാലറ്റ് യൂണിറ്റുകളില്‍ ഇത് പ്രിസൈഡിംഗ് ഓഫീസര്‍ ഉറപ്പാക്കേണ്ടതാണ്. ഏതെങ്കിലും തലത്തിലുള്ള വോട്ട് രേഖപ്പെടുത്താന്‍ താല്പര്യമില്ലാത്ത വോട്ടറോട് അവസാന ബാലറ്റ് യൂണിറ്റിലെ എന്‍ഡ് ബട്ടണ്‍ അമര്‍ത്തി വോട്ടിംഗ് പ്രക്രിയ പൂര്‍ത്തിയാക്കാനും ആവശ്യപ്പെടണം.

ഏതെങ്കിലും വാര്‍ഡില്‍ റീപോള്‍ വേണ്ടിവരികയാണെങ്കില്‍ 2015 നവംബര്‍ 2-ന് വോട്ടെടുപ്പ് നടക്കുന്ന സ്ഥലങ്ങളിലും നവംബര്‍ 5-ന് വോട്ടെടുപ്പ് നടക്കുന്ന സ്ഥലങ്ങളിലും അത് നവംബര്‍ 6-ന് നടത്തണമെന്നും കമ്മീഷന്‍ നിര്‍ദ്ദേശം നല്‍കി.

*(എസ്.ഇ.സി. 151/2015)*